LIBRARY ARCHIVES Kerala Legislative Assembly

സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരമുള്ള മോണിട്ടറിംഗ് സമിതികൾ പുനഃസംഘടിപ്പിക്കാൻ നടപടി

36 [1437] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരമുള്ള മോണിട്ടറിംഗ് സമിതികൾ പുനഃസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ ഘടന എപ്രകാരമാണ്;

(സി) പുനഃസംഘടിപ്പിച്ച മോണിറ്ററിംഗ് കമ്മിറ്റികൾ സംസ്ഥാനത്ത് ഒട്ടാകെ നിലവിൽവന്നിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട് †

(സി) ഉണ്ട്.

എസ്. എസ്. എ. പദ്ധതിയുടെ നിബന്ധനകളിൽ മാറ്റം വരുത്തുന്നതിന് നടപടി

37 [1438] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതിക്കായി സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ 2001-02, 2002-03, 2003-04, 2004-05, 2005-06 വർഷങ്ങളിൽ അനുവദിച്ച സംഖ്യ എത്രയാണെന്നു വെളിപ്പെടുത്താമോ;

(ബി) മേൽ വർഷങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച സംഖ്യ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ നാല് വർഷങ്ങളിൽ തൃശ്ശൂർ ജില്ലയ്ക്ക് അനുവദിച്ച സംഖ്യ എത്രയെന്നും ചെലവഴിച്ച സംഖ്യ എത്രയെന്നും വ്യക്തമാക്കാമോ;

(ഡി) എസ്. എസ്. എ. പദ്ധതിയുടെ നിബന്ധനകളിൽ കാലോചിതമായ മാറ്റം വരുത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ)

	(രൂപ ലക്ഷത്തിൽ)
2001-02	1008.48
2002-03	2250.78
2003-04	4966.00
2004-05	5939.00

(ബി) 2001-2002-ൽ കേന്ദ്രസർക്കാർ അനുവദിച്ച തുക സംസ്ഥാന സർക്കാർ വഴി ബാങ്ക് അക്കൗണ്ടിൽ വന്നത് 2002-03-ൽ ആണ്. ആയതിനാൽ 2001-2002 വർഷം ചെലവൊന്നും നടന്നിട്ടില്ല.

2002-03	2485.80
2003-04	6078.03
2004-05	6440.73

(സി)

വർഷം	അനുവദിച്ച തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക
2002-03	275	2,42,22,304
2003-04	300	3,74,80,934
2004-05	581	2005 ജനുവരി വരെ 432.51 ലക്ഷം

(ഡി) ഉണ്ട്.

എയിഡഡ് സ്കൂളുകളിൽ സ്പെഷ്യൽ റൂൾസ് ബാധകമാക്കാൻ നടപടി

38 [1439] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് എയിഡഡ് മേഖലയിൽ ബാധകമാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഈ സ്പെഷ്യൽ റൂൾസ് എയ്ഡഡ് സ്കൂളുകൾക്കുകൂടി ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) എയിഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly